# കേരള സർവകലാശാല

നം. പി.ആർ.084/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.എസ്സി ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ഫലംവെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. അപേക്ഷാഫോറം കാര്യവട്ടം നിയമപഠന വകുപ്പിൽ ലഭിക്കും. ഫീസ് 2500/- രൂപ. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ 21. ഫോൺ. 0471-2308936.

കാര്യവട്ടം നിയമപഠനവകുപ്പിൽ യു.ജി.സി പദ്ധതിയനുസരിച്ച് സൗജന്യമായി നടത്തുന്ന 'മനുഷ്യാവകാശങ്ങളും കടമകളും' സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം. താൽപര്യമുള്ളവർ വെള്ളക്കടലാസിൽ പേര്, മേൽവിലാസം, ഫോൺ നമ്പർ മുതലായ വിവരങ്ങളടങ്ങിയ അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, പ്ലസ് ടു സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സഹിതം ജൂൺ 21-നകം അപേക്ഷിക്കണം. ഫോൺ. 0471-2308936.

## എൻ.ആർ.ഐ അഡ്മിഷൻ

കേള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് ഒന്നാം വർഷ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് എന്നീ ബ്രാഞ്ചുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ നാല്. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.ucek.in) ലഭിക്കും. ഫോൺ. 0471-2308874.

## റിസർച്ച് ഫെലോ ഒഴിവ്

കേരള സർവകലാശാല ജനസംഖ്യാ ഗവേഷണ കേന്ദ്രത്തിൽ റിസേർച്ച് ഫെല്ലോയുടെ ഒരൊഴിവുണ്ട്. ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. യോഗ്യത : ഡെമോഗ്രഫി / സ്റ്റാറ്റിസ്റ്റിക്സ് / പോപ്പുലേഷൻ സ്റ്റഡീസ്/ ഇക്കണോമിക്സ് / മാത്തമാറ്റിക്സ് / സോഷ്യോളജി ഇതിൽ ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാല / സ്ഥാപനത്തിൽ നിന്നും

രണ്ടാം ക്ലാസ്സിൽ കുറയാത്ത ബിരുദാനന്തരബിരുദവും ശേഷം 4 വർഷത്തെ പോപ്പുലേഷൻ റിസർച്ചിലുള്ള പ്രവർത്തിപരിചയവും. പ്രായപരിധി : 40 വയസ്സ് കവിയരുത്. പ്രതിമാസ ഫെല്ലോഷിപ്പ് 12,000/ രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ ആറ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notification** എന്ന ലിങ്കിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

24.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**